ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം പുണ്ടരീകപുരം ക്ഷേത്രത്തിൽ 2012-13 വർഷത്തിൽ പുരാവസ്തു വകുപ്പ് providing basic amenities of Ten Monuments (Phase 1) എന്ന പണി 5,55,232 (അഞ്ചുലക്ഷത്തി അൻപത്തിയയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട്) രൂപയ്ക്ക് പൂർത്തിയാക്കി. കൂടാതെ പ്രസ്തുത ക്ഷേത്രത്തിന്റെ ശ്രീകോവിലിലും തറയിലും സംരക്ഷണ പണികൾക്കായി 10,75,228 (പത്തുലക്ഷത്തി എഴുപത്തിയഞ്ചായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട്) രൂപയുടെ പണികൾ പൂർത്തീകരിച്ചു. 2014-15 വർഷം പ്രസ്തുത ക്ഷേത്രത്തിന്റെ പ്രദക്ഷിണവഴിയിൽ കല്ല് പാകുന്ന ജോലികളുടെ 28,09,320 (ഇരുപത്തിയെട്ട് ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്) രൂപയുടെ പണികൾ നടന്നു വരുന്നു.

കേരള സർക്കാർ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വഴിയോര ശില്പ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പ്രശസ്ത ശില്പി ജിജി സ്കറിയ നിർമ്മിച്ച ശില്പം വൈക്കം നഗരസഭാ പാർക്കിനു സമീപം സ്ഥാപിച്ചു. കൂടാതെ വൈക്കം സത്യാഗ്രഹ സ്മൃതി ശില്പ ഉദ്യാനം നിർമ്മിക്കുകയും മലയാളികളായ 10 ശ്രദ്ധേയ ശില്പികളുടെ സിമന്റിൽ തീർത്ത ശില്പങ്ങൾ സ്ഥാപിക്കുകയും ചെയ്തു. വൈക്കത്ത് സത്യാഗ്രഹ ശില്പ സ്മൃതി ഉദ്യാനം നിർമ്മിക്കുന്നതിനും ശില്പ സ്ഥാപനത്തിനുമായി 29,65,539 (ഇരുപത്തിയൊൻപതു ലക്ഷത്തി അറുപത്തിയഞ്ചായിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊൻപത്) രൂപ ചെലവായി.

പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകം

63 (2894) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ പത്മഭൂഷൺ കുഴൂർ നാരായണമാരാർ സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരുടെ സ്മാരകമായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരാർ ഫൗണ്ടേഷൻ ലഭ്യമാക്കാമെന്നേറ്റിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ കൊരട്ടി ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly